മഴക്കെടുതി തുടരുന്നു

33 വീടുകൾക്ക് ഭാഗികനാശം

കോഴിക്കോട്: ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിനിടെയുണ്ടായ കനത്ത മഴയിൽ 19 പഞ്ചായത്തുകളിലായി 33 വീടുകൾ ഭാഗികമായി തകർന്നതായി ജില്ലാ ദുരന്ത നിവാരണ സെൽ അറിയിച്ചു. കൂടാതെ, തിരുവള്ളൂർ പഞ്ചായത്തിലെ ഉണിച്ചാറക്കണ്ടി പാത്തുവിന്റെ വീട്ടുമുറ്റത്തെ കിണർ ഇടിഞ്ഞു താണു. ജില്ലയിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ 43.12 മില്ലി മീറ്റർ മഴയാണ് ലഭിച്ചത്.

മൊടക്കല്ലൂരിൽ കുറ്റിയേടത്തറോൽ രവീന്ദ്രന്റെ വീടിനു മുകളിൽ തെങ്ങ് കടപുഴകിവീണ് വീട് ഭാഗികമായി തകർന്നു. ചെറുവണ്ണൂർ പഞ്ചായത്തിലെ നല്ലളത്ത് കീഴ് വനപറമ്പ് കുമ്മാളി വീട്ടിൽ ബിക്കുട്ടിയുടെ വീടിന്റെ മുകളിൽ മരം വീണ് മേൽക്കൂരക്ക് ഭാഗികമായി കേട് പറ്റി. കരുവൻതിരുത്തി പഞ്ചായത്തിലെ പൂത്തോളത്തിൽ കിളിയാടി വേലായുധന്റെ വീടിനു മുകളിൽ തെങ്ങ് വീണ് ഭാഗികമായി തകർന്നു. കുമാരനല്ലൂർ പഞ്ചായത്തിൽ തോട്ടക്കാടിന് സമീപം നെല്ലായി മാണിയുടെ വീടിന് മുകളിൽ മരം വീണ് നാശം സംഭവിച്ചു. ശക്തമായ മഴയിൽ പെരിങ്ങളം കുനിപൊയിലിൽ ചന്ദ്രന്റെ വീടിന്റെ ഒരു ഭാഗം തകർന്നു.

കടലുണ്ടി വില്ലേജ് വാർഡ് 20 ലെ 62ാം നമ്പർ വീടും, വാർഡ് പതിനൊന്നിലെ 60ാം നമ്പർ വീടും തെങ്ങ് വീണ് ഭാഗികമായി തകർന്നു. കാലപ്പഴക്കമുള്ളതിനാൽ നിലവിൽ ഇരുവീടുകളും താമസയോഗ്യമല്ല. പഞ്ചായത്ത് അധികൃതർ സ്ഥലം സന്ദർശിച്ചു. ഇരുവീട്ടുകാരോടും മാറി താമസിക്കാൻ നിർദേശിച്ചു.

പന്നിക്കോട്ടൂർ കുന്നുമ്മൽ അബ്ദുറഹ്മാന്റെ വീടിനു മുകളിൽ മരം വീണ് വീടിന്റെ ഒരു ഭാഗം തകർന്നു. അണ്ടോണ കായ്ക്കൽ ജാനകിയുടെ വീട് ശക്തമായ മഴയിൽ ഭാഗികമായി തകർന്നു. രാരോത്ത് പഞ്ചായത്തിലെ പനൻതോട്ടത്തിൽ സുബൈറിന്റെ വീടിനു മുകളിൽ മരം വീണു ഭാഗിക നാശനഷ്ടമുണ്ടായി.

ഈങ്ങാപ്പുഴ പഞ്ചായത്തിലെ മമ്മുണ്ണിപടി നബീസയുടെ വീടിനും ഭാ?ഗിക നാശനഷ്ടം സംഭവിച്ചു. കോടഞ്ചേരി പഞ്ചായത്തിലെ കുളതനയത് കെ.ജി. ശോഭന, പുതുപ്പാടി ആയിഷ മുഹമ്മദ് എന്നിവരുടെ വീടുകളും ഭാ?ഗികമായി തകർന്നു. മണിയൂരിൽ നടക്കേണ്ടവിട്ട ശാന്തയുടെ വീടിനു മുകളിൽ തെങ്ങ് വീണു ഭാഗിക നഷ്ടം സംഭവിച്ചു. ഇന്നലെ രാവിലെയുണ്ടായ ശക്തമായ കാറ്റിൽ ഏറാമല വില്ലേജിൽ സുനിൽ കുമാറിന്റെ വീടിന്റെ മേൽക്കൂരയ്ക്കും കേടുപാടുകൾ സംഭവിച്ചു. തൂണേരി പഞ്ചായത്തിൽ ഇന്നലെ രാവിലെയുണ്ടായ ശക്തമായ കാറ്റിൽ രാമച്ചം വീട്ടിൽ രാജന്റെ വീടിനു മുകളിൽ മരം വീണു. വാണിമേൽ പഞ്ചായത്തിൽ വെള്ളിയോട് ദേശത്ത് വെള്ളിയത്ത് പുഷ്പയുടെ വീടിനു മുകളിൽ തേക്ക് മര0 വീണു.

മാവൂർ പഞ്ചായത്തിലെ കച്ചേരിക്കുന്നിൽ ശക്തമായ മഴയിൽ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് മൂന്ന് കുടുംബങ്ങൾ ബന്ധുവീടുകളിലേക്ക് താമസം മാറി.

അബ്ദുൾ ലത്തീഫ് (മൂന്ന് മുതിർന്നവർ രണ്ട് കുട്ടികൾ), ശ്രീധരൻ (രണ്ട് മുതിർന്നവർ), സത്യൻ (നാല് മുതിർന്നവർ) എന്നിവരുടെ കുടുംബങ്ങളാണ് മാറി ത്താമസിച്ചത്.

ജില്ലയിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കാലാവസ്ഥാ പ്രവചന കേന്ദ്രത്തിന്റെ അറിയിപ്പ് നിലനിൽക്കുന്നതിനാൽ ജാഗ്രത തുടരണമെന്ന് അധികൃതർ അറിയിച്ചു.

വിദ്യാർഥികളോട് ബസ്ചാർജ് തോന്നിയ പോലെ വാങ്ങുന്നു

തിരൂരങ്ങാടി: സ്കൂൾ വിദ്യാർഥികളിൽ നിന്ന് സ്വകാര്യ ബസുകൾ അമിത ചാർജ് ഈടാക്കുന്നതായി വ്യാപക പരാതി. തിരൂരങ്ങാടി താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ സർവീസ് നടത്തുന്ന ഭൂരിഭാഗം സ്വകാര്യ ബസുകളാണ്

ഇത്തരത്തിൽ അമിത ചാർജ് ഈടാക്കുന്നത്. അഞ്ചു രൂപ മുതൽ മുകളിലോട്ടാണ് വിദ്യാർഥികളിൽ നിന്ന് ഈടാക്കുന്നത്. ഒന്നിലേറെ ബസുകളിൽ സ്കൂളിൽ എത്തേണ്ട വിദ്യാർഥികൾക്ക് ഭീമമായ തുകയാണ് ദിവസവും നൽകേണ്ടി വരുന്നത്. കൂടുതൽ മക്കളുള്ള രക്ഷിതാക്കൾക്ക് ഈ ഇനത്തിൽ മാത്രം ഭീമമായ തുകയാണ് ചെലവാകുന്നത്. പല ബസുകളും തോന്നിയത് പോലെയാണ് ചാർജ് ഈടാക്കുന്നത്.

ഒരു രൂപ, രണ്ടു രൂപ തോതിൽ നൽകുന്ന വിദ്യാർഥികളെ മറ്റുള്ളവരുടെ മുമ്പിൽ അപമാനിക്കാനും ഇറക്കി വിടാനും ശ്രമിക്കുന്നതായും പരാതിയുണ്ട്. ഇതിനെ തുടർന്ന് ഇവർ അഞ്ചുരൂപ കൊടുക്കാൻ നിർബന്ധിതരാവുകയാണ്. പല ബസുകളും വിദ്യാർഥികളെ കാണുമ്പോൾ സ്റ്റോപ്പുകളിൽ നിർത്താതെ പോവുകയും, സ്കൂൾ സ്റ്റോപ്പ് എത്തുന്നതിന് തൊട്ടു മുമ്പായി ബോർഡുകൾ മറച്ചുവക്കുന്നതായും വ്യാപക പരാതിയുമുണ്ട്.

അധികൃതർക്ക് ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭിച്ചിട്ടും ബസുകാരെ സഹായിക്കുന്ന നിലപാടാണ് തുടരുന്നതെന്ന് ആരോപണമുണ്ട്.

വയലിലെ വെള്ളക്കെട്ടിൽ കിടന്നിരുന്ന പ്ലാസ്റ്റിക്ക് ബോട്ടിലുകൾ ശേഖരിച്ചു

ചെറുമുക്ക് ആമ്പൽ പാടത്ത് നിന്ന് വഞ്ചി ഉപയോഗിച്ച് ശേഖരിച്ച പ്ലാസ്റ്റിക് ബോട്ടലുകൾ

തിരൂരങ്ങാടി: പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക്ക് ബോട്ടിലുകൾ നീക്കം ചെയ്തു ചെറുമുക്ക് വിസ്മയ ക്ലബ്ന്റ നേതൃത്വത്തിൽ ഏക്കറക്കണക്കിന് വ്യാപിച്ച് കിടക്കുന്ന ചെറുമുക്ക് ആമ്പൽ പാടത്തെ വയലിലെ വെള്ളക്കെട്ടിൽ പൊങ്ങിക്കിടന്നിരുന്ന ആയിരത്തിൽപരം പ്ലാസ്റ്റിക്ക് ബോട്ടിലുകൾ ശേഖരിച്ചു.

നന്നമ്പ്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കെ എസ് അഭിലാഷ് പ്ലാസ്റ്റിക് ശേഖരിക്കുന്നതിന്റെ ഉദ്ഘാടനം നിർവഹിച്ചു. റോഡിലൂടെ കടന്ന് പോവുന്ന വാഹനക്കാരും മറ്റും വലിച്ചെറിയുന്ന വെള്ളത്തിന്റെ ബോട്ടലുകളും മറ്റുമാണ് വയലിൽ നിന്ന് ഏറ്റവും കുടുതൽ കിട്ടിയത്.

വാഹന യാത്രക്കാരും മാലിന്യങ്ങൾ വയലിൽ നിക്ഷേപിക്കുന്നുണ്ട്.അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് ബോട്ടിലുകൾ മഴക്കാലത്ത് വെള്ളം ഉയരുന്ന സമയത്ത് കാറ്റിന്റെ ദിശക്കനുസരിച്ച് ജലപ്പരപ്പിൽ ഒഴികിക്കൊണ്ടിരിക്കുന്ന അവസ്ഥയായിരുന്നു. ഇവ ശ്രദ്ധയിൽ പെട്ട ചെറുമുക്ക് വിസ്മയ ക്ലബ് പ്രവർത്തകർ

മുന്നിട്ടറങ്ങിയത്. ദിനം പ്രതി വയലിലെ പ്ലാസ്റ്റിക് വേസ്റ്റുകൾ കൂടുകയാണ്. ബോട്ടിലുകൾക്ക് പുറമെ ചെരുപ്പ്, തെർമോകോൾ, കവറുകൾ, നാപ്കിൻ വേസ്റ്റുകൾ തുടങ്ങിയവ ധാരാളമായി കാണപ്പെടുന്നുണ്ട്. അനാവശ്യ പ്ലാസ്റ്റിക്ക് ഉപയോഗവും അലക്ഷ്യമായ സംസ്ക്കരണവും പ്രകൃതിയെ ദോഷകരമായി ബാധിക്കുന്നു. ചെറുമുക്ക് കേന്ദ്രീകരിച്ച് സാമൂഹ്യ സേവന പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്ന വിസ്മയ ക്ലബ്ബ്. ക്ലബ് സെക്രട്ടറി മുസ്തഫ ചെറുമുക്ക് ,പ്രദേശവാസി ചോലയിൽ ഹംസ,ക്ലബ് പ്രസിഡന്റ് ഫാരിസ്, വി.പി. മുഹമ്മദ് ഷാഫി തുടങ്ങിയവർ പങ്കെടുത്തു.

ഗസ്റ്റ് അധ്യാപക ഒഴിവ്

മഞ്ചേരി: കെഎച്ച്എം യൂണിറ്റി വിമൻസ് കോളെജിൽ എയ്ഡഡ് വിഭാഗത്തിൽ കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ ഗസ്റ്റ് അധ്യാപക ഒഴിവുണ്ട്. കോഴിക്കോട് ഡെപ്യൂട്ടി ഡയറക്റ്റർ തയ്യാറാക്കിയ പാനലിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ബയോഡാറ്റയും സഹിതം 19ന് രാവിലെ 9.30ന് പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. ഫോൺ: 04832977142

ഡേറ്റാ എൻട്രി ഓപ്പറേറ്റർ താത്കാലിക നിയമനം

കോഴിക്കോട്: ഐ.എച്ച്.ആർ.ഡിക്ക് കീഴിലെ വടകര മോഡൽ പോളിടെക്നിക് കോളെജിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ ട്രെയിനി തസ്തികയിലേക്ക് താത്കാലിക നിയമനം നടത്തുന്നു. ജൂലൈ 20 രാവിലെ 10 മണിയ്ക്കാണ് അഭിമുഖം. എസ്.എസ്.എൽ.സിയും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും ആണ് വിദ്യാഭ്യാസ യോഗ്യത. യോഗ്യത പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ കൈവശമുള്ളവരെ മാത്രമേ പരിഗണിക്കൂ. താത്പര്യമുള്ളവർ എല്ലാ സർട്ടിഫിക്കറ്റുകളുടെ അസ്സലും, കോപ്പികളും സഹിതം ഹാജരാകണം. ഫോൺ: 0496 2524920.

ആയുഷ് മിഷൻ എഴുത്ത് പരീക്ഷ 30ന്

കോഴിക്കോട്: നാഷണൽ ആയുഷ് മിഷൻ കോഴിക്കോട് മെഡിക്കൽ ഓഫീസർ, പി.ജി മെഡിക്കൽ തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷ 30ന് മാനാഞ്ചിറ ഗവ. മോഡൽ ഹയർ സെക്കൻഡറി സ്കൂളിൽ ഉച്ചയ്ക്ക് 1.30 മുതൽ 3.30 വരെ നടക്കും. ഉദ്യോഗാർത്ഥികൾ അപ്ലിക്കേഷൻ നമ്പർ, കോൾലെറ്റർ, തിരിച്ചറിയൽ കാർഡ് എന്നിവയുമായി എത്തണം. ഫോൺ: 0495 2371748

യദുകൃഷ്ണ ഇനി ആറ് പേരിലൂടെ ഇനി ജീവിക്കും

കോഴിക്കോട്: ചേമഞ്ചേരി ചക്കിട്ടകണ്ടി മാണിക്യത്തിൽ സുരേഷിന്റെ മകൻ യദുകൃഷ്ണയ്ക്ക് (18) എട്ടിന് വെങ്ങളം പാലത്തിൽ വച്ച് റോഡപകടത്തിൽ പരിക്കേറ്റിരുന്നു. ഗുരുതരമായ പരിക്കിനെത്തുടർന്ന് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെത്തിച്ച യദുകൃഷ്ണ ഐ.സി.യു.വിൽ ചികിത്സയിലായിരുന്നു. 14ന്, ഡോ. വി.ജി. പ്രദീപ് കുമാർ, ഡോ. രവീന്ദ്രൻ സി, ഡോ. മോഹൻ ലെസ്ലി, ഡോ. ഗംഗപ്രസാദ് എന്നിവരടങ്ങിയ കമ്മിറ്റി മസ്തിഷ്കമരണം നടന്നതായി സ്ഥിരീകരിച്ചു.പ്ലസ് ടു വിദ്യാർഥിയായിരുന്നു.

മസ്തിഷ്കമരണത്തിനു ശേഷം അച്ഛൻ സുരേഷ്, അമ്മ രേഖ, ഇളയ സഹോദരി യാഷ്മിക എന്നിവരടങ്ങിയ കുടുംബം അവയവങ്ങൾ ദാനം ചെയ്യാനുള്ള സന്നദ്ധത അറിയിച്ചു.

കേരള സർക്കാറിന്റെ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയുമായി ആശുപത്രി അധികൃതർ ബന്ധപ്പെടുകയും തുടർന്ന് സർക്കാർ അനുമതി ലഭിക്കുകയും, യോഗ്യരായ സ്വീകർത്താക്കളെ കണ്ടെത്തുകയും ചെയ്തു.

ആറ് സ്വീകർത്താക്കൾക്കാണ് അവയവങ്ങൾ ദാനം ചെയ്തത്. കരൾ നൽകിയത് അല്ലക്കോട് നിന്നുള്ള 66 വയസുള്ള രോഗിക്കാണ്. ബേബി മെമ്മോറിയലിലെ ഡോ. സൈലേഷ് ഐക്കോട്ട്, ഡോ. രാജേഷ് എം. സി, ഡോ. ബിജു ഐ.കെ. എന്നിവരടങ്ങിയ വിദഗ്ധ സംഘമാണ് ശസ്ത്രക്രിയ നടത്തിയത്.

വൃക്കകളിലൊന്ന് കൊണ്ടോട്ടിയിൽ നിന്നുള്ള 40 വയസുള്ള പുരുഷന് നൽകി. ബേബി മെമ്മോറിയലിലെ ഡോ. പൗലോസ് ചാലി,

ഡോ. ജയമീന പി. എന്നിവർ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകി.

ഹൃദയം കോഴിക്കോട് മെട്രോമെഡ് ഹോസ്പിറ്റലിലേക്കും രണ്ടാം വൃക്കയും കണ്ണുകളും കോഴിക്കോട് മെഡിക്കൽ കോളെജിലേക്കും കൈമാറി.

കാലിക്കറ്റിൽ നിന്ന് ഡോക്റ്ററേറ്റ് നേടി

എ. അബൂബക്കർ

തേഞ്ഞിപ്പലം: ചേന്ദമംഗലൂർ ഹയർ സെക്കണ്ടറി സ്കൂൾ ഇംഗ്ലീഷ് വിഭാഗം മേധാവി എ. അബൂബക്കറിന് കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് ഡോക്റ്ററേറ്റ് ലഭിച്ചു. ഓർഹൻ പാമുകിന്റെ തെരഞ്ഞെടുത്ത കൃതികളിലെ നഗരകേന്ദ്രീകൃത കഥാപാത്രങ്ങളും മാനസിക സങ്കീർണതകളും എന്നതിനെ ആസ്പദമാക്കിയായിരുന്നു ഗവേഷണ . മലപ്പുറം ഗവ.കോളെജ് ഇംഗ്ലീഷ് വിഭാഗം മേധാവിയും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. സൈനുൽ ആബിദ് കോട്ടയുടെ കീഴിൽ ഇംഗ്ലീഷ് സാഹിത്യത്തിലായിരുന്നു. പിഎച്ച്ഡി കോഴി ക്കോട് ഫാറൂക്ക് കോളെജിലെ (ഓട്ടോണമസ്) സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആൻഡ് റിസർച്ച് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ വിഭാഗത്തിലായിരുന്നു ഗവേഷണം

പാലിയേറ്റീവ് കെയർ യൂണിറ്റിന് വീൽചെയർ നൽകി

മഞ്ചേരി : സെൻട്രൽ ലയൺസ് ക്ലബ് മഞ്ചേരി ചെരണി പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റിന് വീൽ ചെയർ നൽകി.

ലയൺസ് അരീനയിൽ നടന്ന ചടങ്ങ് ലയൺസ് ക്ലബ്ബ് അസി. ഗവർണ്ണർ ജെയിംസ് വളപ്പിലയും ഭാര്യ ലീന ജെയിംസും ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. മുൻ പ്രസിഡണ്ട് കെ പി ഗംഗാധരൻ അദ്ധ്യക്ഷത വഹിച്ചു.

അഡ്വ. വിജയരാജൻ, അനിൽ മഞ്ചേരി, ബാബു ദിവാകരൻ, പ്രസാദ് മലപ്പുറം, ഡോ. കൊച്ചു എസ് മണി പെരിന്തൽമണ്ണ, ഒ കെ റോയ് പെരിന്തൽമണ്ണ, സുബ്രമണ്യൻ മഞ്ചേരി, രാഘവൻ കോടഞ്ചേരി, പുരുഷോത്തമൻ പാക്കാട്ട്, രാംദാസ് മഞ്ചേരി പ്രസംഗിച്ചു. ചടങ്ങിൽ രുഗ്മണിഅമ്മ,

വിജയൻ, ദാമോദരൻ, രാംദാസ്, കുമാരൻ എന്നിവരെ ആദരിച്ചു. ഭാരവാഹികളായി പി.സി. ബാലകൃഷ്ണൻ (പ്രസിഡന്റ്), കെ. വേലായുധൻ കുട്ടി (സെക്രട്ടറി), കെ. സുദർശന ഗോപാൽ (ഖജാൻജി) എന്നിവരെ തെരഞ്ഞെടുത്തു.

സ്പെഷ്യൽ എജ്യുക്കേറ്റർ നിയമനം

കോഴിക്കോട്: ജില്ലാ ഹോമിയോ ആശുപ്രതിയിലെ സദ്ഗമയ പ്രോജക്ടിൽ നിലവിലുള്ള സ്പെഷ്യൽ എജ്യുക്കേറ്റർ തസ്തികയിലേക്കുള്ള താത്കാലിക

ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ സ്പെഷ്യൽ എജ്യുക്കേറ്ററെ നിയമിക്കുന്നു. ബിഎഡ് ഉള്ളവരുടെ അഭാവത്തിൽ ഡിഎഡ് ഉള്ളവരെ പരിഗണിക്കും. താത്പര്യമുള്ളവർ 22ന് രാവിലെ10.30ന് അഭിമുഖത്തിനായി എരഞ്ഞിക്കൽ കണ്ടംകുളങ്ങരയിലെ ജില്ലാ ആശുപ്രതിയിൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. ഫോൺ: 0495 2460724

അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേള; ഡെലിഗേറ്റ് പാസ് വിതരണം ഇന്ന് മുതൽ

കോഴിക്കോട്: കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി 16,17,18 തീയതികളിൽ കോഴിക്കോട് കൈരളി, ശ്രീ തിയേറ്ററുകളിൽ സംഘടിപ്പിക്കുന്ന മൂന്നാമത് അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേളയിൽ പങ്കെടുക്കുന്നവർക്കുള്ള ഡെലിഗേറ്റ് പാസുകൾ ഇന്ന് മുതൽ വിതരണം ചെയ്യും. രാവിലെ 11.30ന് കൈരളി തിയേറ്റർ പരിസരത്ത് നടക്കുന്ന ചടങ്ങ് ഡെപ്യൂട്ടി മേയറും ഡെലിഗേറ്റ് കമ്മിറ്റി ചെയർമാനുമായ മുസാഫർ അഹമ്മദ് ഉദ്ഘാടനം ചെയ്യും. ആദ്യ പാസിന്റെ വിതരണം ചലച്ചിത്ര അക്കാദമി ചെയർമാൻ രഞ്ജിത് നിർവഹിക്കും. ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, ഡെപ്യൂട്ടി ഡയറക്ടർ (ഫെസ്റ്റിവൽ) എച്ച്. ഷാജി, സംഘാടക സമിതി ജോയിന്റ് കൺവീനർ അഡ്വ. പി.എം. ആതിര, ഡെലിഗേറ്റ് കമ്മിറ്റി വൈസ് ചെയർപേഴ്സൺ ടി.വി. ലളിതപ്രഭ, വിവിധ സബ് കമ്മിറ്റി ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

മൂന്നു ദിവസങ്ങളിലായി നടക്കുന്ന മേളയിൽ വനിതാ സംവിധായകരുടെ 24 ചിത്രങ്ങൾ പ്രദർശിപ്പിക്കും. ലോക സിനിമ, ഇന്ത്യൻ സിനിമ, മലയാള സിനിമ, ഡോക്യുമെന്ററി, ഷോർട്ട് ഫിക്ഷൻ എന്നീ വിഭാഗങ്ങളിലായാണ് പ്രദർശനം. കൈരളി തിയേറ്ററിലെ സ്വാഗതസംഘം ഓഫീസിൽ സജ്ജീകരിച്ച ഹെൽപ്പ് ഡെസ്ക് മുഖേന ഓഫ് ലൈൻ ഡെലിഗേറ്റ് രജിസ്ട്രേഷൻ നടത്താവുന്നാണ്. https://registration.iffk.in/ എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായും ഡെലിഗേറ്റ് രജിസ്ട്രേഷൻ നടത്താം. മുതിർന്നവർക്ക് 300 രൂപയും വിദ്യാർത്ഥികൾക്ക് 200 രൂപയുമാണ് ഡെലിഗേറ്റ് ഫീസ്.

തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട് വെട്ടിക്കുറച്ച സർക്കാർ നടപടി പിൻവലിക്കണം

തിരൂരങ്ങാടി : തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ട് വെട്ടിക്കുറച്ച സർക്കാർ നടപടി പിൻവലിക്കണമെന്നും ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നും തിരൂരങ്ങാടി നഗരസഭ കൗൺസിൽ യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. പദ്ധതി രൂപീകരണ വേളയിൽ സർക്കാർ അറിയിച്ച ഫണ്ട് പിന്നീട് വെട്ടിക്കുറക്കുന്നത് പദ്ധതികളെ പ്രതികൂലമായി ബാധിക്കുകയാണ്.

ചെയർമാൻ കെ.പി മുഹമ്മദ്കുട്ടി അധ്യക്ഷത വഹിച്ചു. ദേശീയപാത വികസനത്തിൽ കരുമ്പിൽ. കാച്ചടി പ്രദേശങ്ങളിൽ അണ്ടർ പാസ് നിർമിക്കണമെന്ന് ദേശീയ പാത അധികൃതരോട് കൗൺസിൽ യോഗം ആവശ്യപ്പെട്ടു. ദേശീയ പാതയുടെ കിഴക്കുള്ളവർക്ക് പടിഞ്ഞാറ് വശത്തേക്കോ പടിഞ്ഞാറ് വശത്തുള്ളവർക്ക് കിഴക്കോട്ടോ പ്രവേശിക്കണമെങ്കിൽ കക്കാടോ വെന്നിയൂരോ പോകേണ്ടി വരുമെന്ന ആശങ്ക പരിഹരിക്കണം. കരുമ്പിൽ ജുമാമസ്ജിദ്, കാച്ചടി പിഎംഎസ്എ എൽപി സ്കൂൾ അർബൻ ആരോഗ്യ കേന്ദ്രം തുടങ്ങിയവയിലേക്ക് ജനങ്ങൾക്ക് എത്തിപ്പെടാൻ അണ്ടർ പാസ് വേണം.

വാഹനത്തിരക്കേറിയ ചെമ്മാട് ബ്ലോക്ക് റോഡ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നും റബ്ബറൈസ് ചെയ്യണമെന്നും ആവശ്യപ്പെട്ടു. സി.പി ഇസ്മായിൽ, ഇഖ്ബാൽ കല്ലുങ്ങൽ എന്നിവർ വിവിധ പ്രമേയങ്ങൾ അവതരിപ്പിച്ചു. കുടിവെള്ള പദ്ധതികൾ വേഗത്തിലാക്കണമെന്നും ആവശ്യപ്പെട്ടു.

കരിപ്പൂർ എയർപോർട്ടുമായുള്ള അതിർ നിർണ്ണയ സർവ്വെ അലസി പിരിഞ്ഞു

തേഞ്ഞിപ്പലം: പള്ളിക്കൽ പഞ്ചായത്തും കൊണ്ടോട്ടി നഗരസഭയും കരിപ്പൂർ എയർ പോർട്ടുമായുള്ള അതിർത്തി തർക്ക നിർണ്ണയ സർവ്വെ അലസി പിരിഞ്ഞു. കരിപ്പൂർ എയർപോർട്ടുമായി പള്ളിക്കൽ പഞ്ചായത്തും കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും തമ്മിലുള്ള സർവ്വേ അതിർത്തി സംബന്ധിച്ചു നിലനിൽക്കുന്ന തർക്കം സംയുക്ത സർവ്വേ നട ത്തി പുനർ നിർണ്ണയിക്കുന്നതിന് ജില്ലാ സർവ്വേ സൂപ്രണ്ട് താലൂക്ക് ഭൂരേഖ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെ തുടർന്ന് ഇന്നലെ പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ചെമ്പാൻ മുഹമ്മദാലിയുടെയും കൊണ്ടോട്ടി മുനിസിപ്പൽ ചെയർപേഴ്സൺ ഫാത്തിമ സുഹ്റയുടേയും നേതൃത്വത്തിൽ സർവ്വേ ഉദ്യോഗസ്ഥരും എയർപോർട്ടിൽ എത്തിയെങ്കിലും തീരുമാനമായില്ല. നേരത്തേ പള്ളിക്കൽ പഞ്ചായത്തിനെ അറിയിക്കാതെ

ഏകപക്ഷീയമായി നടത്തിയ സർവ്വേ പഞ്ചായത്ത് അംഗീകരിച്ചിരുന്നില്ല. ഇപ്പോൾ വീണ്ടും ഇതേ സർവ്വേ ചെയ്ത സ്കെച്ച് മാത്രം അടിസ്ഥാനമാക്കിയുള്ള സർവ്വെ നടപടിയ്ക്ക് ഉദ്യോഗസ്ഥരുടെ ശ്രമം പള്ളിക്കൽ പഞ്ചായത്ത് അനുവദിച്ചില്ല. പുതിയ സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ച് ബോധ്യപ്പെടുത്താനാണ് ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ കത്തിലെ നിർദ്ദേശം. ഇത് പാലിക്കാൻ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും സർവ്വേ ഉദ്യോഗസ്ഥരും തയ്യാറായില്ലെന്നാണ് പള്ളിക്കലിന്റെ ആക്ഷേപം. ഇതിനെ തുടർന്ന് ഇന്നലെ നടക്കേണ്ട സർവ്വെ മുടങ്ങി. പള്ളിക്കൽ പഞ്ചായത്ത് ഭരണസമിതി വിഷയം ചൂണ്ടിക്കാട്ടി ജില്ലാ കലക്റ്റർക്കും, ജില്ലാ സർവ്വേ സൂപ്രണ്ടിനും കത്ത് നൽകുകയും അതിർത്തി നിർണ്ണയത്തിന് സംയുക്ത റീ-സർവ്വേ ചെയ്തു ബോധ്യപ്പെടുത്തണമെന്നും ആവശ്യപ്പെടുകയും ചെയ്തതായി പ്രസിഡന്റ് ചെമ്പാൻ മുഹമ്മദാലി വ്യക്തമാക്കി.

റാങ്ക് പട്ടിക റദ്ദാക്കി

കോഴിക്കോട്: ജില്ലയിൽ ഭാരതീയ ചികിൽസാ വകുപ്പിൽ ആയുർവേദ തെറാപ്പിസ്റ്റ് (കാറ്റഗറി നം. 194/2017) തസ്തികയിലേക്കുള്ള റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനാൽ റദ്ദാക്കിയതായി പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

കക്കയം ഡാമിന്റെ ഇരുഷട്ടറുകളും 30 സെന്റിമീറ്റർ ആക്കി

കോഴിക്കോട്: കക്കയം ഡാമിന്റെ ഇരുഷട്ടറുകളും 30 സെന്റിമീറ്റർ ആക്കി. 50 ക്യൂമെക്സ് വെള്ളമാണ് പുറത്തേക്ക് ഒഴുക്കുന്നത്. 757.89 ആണ് നിലവിലെ ജലനിരപ്പ്. കുറ്റ്യാടി പുഴയുടെ ഇരുകരകളിലും ഉള്ളവർ ജാഗ്രത പുലർത്തണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

ഹനുമാൻ സേന ഭാരത് വ്യാസപൗർണമി ആചരിച്ചു

ഗുരുപൂർണിമ ആചരണം ഹനുമാൻ സേന ഭാരത് സംസ്ഥാന ചെയർമാൻ എ.എം.ഭക്തവത്സലൻ ഉദ്ഘാടനം ചെയ്യുന്നു

കോഴിക്കോട്: ലോകത്തിന് അറിവും ബുദ്ധിയും യുഗങ്ങളായി പകർന്നു നൽകിയത് ഭാരതത്തിലെ ഋഷിപരമ്പരകളായിരുന്നു. ജ്ഞാനത്തിലും വിദ്യയിലും സമ്പത്തിലും ഭാരതം അന്ന് മുൻപന്തിയിലായിരുന്നു. ഈശ്വരലിഖിതങ്ങളായ വേദങ്ങളായിരുന്നു

ഇതിന് മാർഗ്ഗദർശനം നൽകിയതെന്ന് ഗുരുപൂർണിമ ആചരിച്ചുകൊണ്ട് ഹനുമാൻ സേന ഭാരത് സംസ്ഥാന ചെയർമാൻ എ.എം.ഭക്തവത്സലൻ പറഞ്ഞു. ഇതുകൊണ്ടാണ് ഐക്യരാഷ്ട്രസഭ ലോകത്തിലെ പൈതൃകഗ്രന്ഥമായി വേദങ്ങളെ സ്വീകരിച്ചത്.

ഗുരുപരമ്പരകളെ സ്മരിക്കുന്ന ദിവസംകൂടിയാണ് വ്യാസഗുരുപൂർണിമയെന്ന് ഭക്തവത്സലൻ പറഞ്ഞു.

ചടങ്ങിൽ രാമദാസ് വേങ്ങേരി അദ്ധ്യക്ഷത വഹിച്ചു. സംഗീത് ചേവായൂർ, രാധാ വാസുദേവൻ, പുരുഷു മാസ്റ്റർ, ഇ.പി. ശോഭ എന്നിവർ സംസാരിച്ചു.

ദർഘാസ് നോട്ടീസ്

കോഴിക്കോട് സർക്കാർ മാനസികാരോഗ്യം ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ സ്റ്റാഫ് കാന്റീൻ കരാറടിസ്ഥാനത്തിൽ ഒരുവർഷത്തേക്കന്നടത്തുന്നതിന് പരിചയസമ്പന്നരായ കരാറുകാരിൽ നിന്ന് ദർഘാസുകൾ ക്ഷണിക്കുന്നു

ദർഘാസ് വിൽപ്പന: 25/07/2022 മുതൽ 09/08/2022 വരെ

ദർഘാസ് വില

അസ്സലിന്: 400/-രൂപ+ജി.എസ്.ടി

ഡ്യൂപ്ലിക്കേറ്റ് 200/-രൂപ+ ജിഎസ്ടി

ഫോൺ: 0495 2741386

സൂപ്രണ്ട്

No: RO/01738/f3/2022/I&PRD

ADMISSION STARTED
DEGREE / DIPLOMA
UGC Approved University Certification

- B.Voc Degree in Automobile Servicing Technology - 3 years
  Eligibility: Plus 2 / ITI / VHSE and above
- Diploma in Automobile Engineering - 3 years
- Diploma in Mechanical Engineering - 3 years
- Voc. Diploma in Auto Diagnosis & Repair - 1 year
  Eligibility: SSLC and above

★ Practical oriented classes
★ Internship training at various authorized service centres
★ Fee in easy instalments ★ Placement assistance

Kuttukaran Institute
Fr.Vadakkan Road, Opp. Skyline Villas, Mundupalam, Thrissur - 680 001.
T: 0487-2421879, 2441706. M: 9387580025, 9745926999. Email: kihrdtcr@gmail.com

പണയത്തിലിരിക്കുന്ന സ്വർണാഭരണങ്ങൾ വിൽക്കാൻ സഹായിക്കുന്നു

മേഘ ഗോൾഡ്

9895251871

BRANCH SHIFTING

വിലയേറിയ ഇടപാടുകാരുടെ സൗകര്യാർത്ഥം, ഞങ്ങളുടെ
THALASSERY
ശാഖ 17.10.2022 മുതൽ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചിരിക്കുന്നു. പുതിയ മേൽവിലാസം താഴെ നൽകിയിരിക്കുന്നു.

Muthoot Finance Ltd.
Keyi's Complex, 1st Floor,
Opp. Shemy Hospital,
Narangapuram, Thalassery, Kannur District,
Pin – 670 101,
Kerala State
Phone No - 0490 232 2159
Email id : mgtel167@muthootgroup.com

എല്ലാ മാന്യ ഇടപാടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും തുടർന്നുള്ള സഹകരണവും പിന്തുണയും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

Muthoot Finance
A Muthoot M George Enterprise

ICICI Home Finance | [illegible]

[illegible] 673011 [illegible]

Sr. No.	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]
(A)	(B)	(C)	(D)	(E)	(F)	(G)
1.	[illegible] LHCLT00001312802	[illegible] 5/47 (5/47 TP) [illegible] 673011	Rs. 8,74,758/- (9th July, 2022)	Rs. 6,83,100/- Rs. 68,310/-	25th July, 2022 11:00 AM 03:00 PM	30th July, 2022 11:00 12:00 PM

[illegible] https://sarfaesi.auctiontiger.net/EPROC [illegible] 29 ജൂലൈ 2022 വൈകിട്ട് 5 മണി [illegible]

[illegible] https://www.icicihfc.com/

തിയതി: ജൂലൈ 15, 2022
സ്ഥലം: കോഴിക്കോട്

അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

Edited, Printed and Published by R. Gopikrishnan, Chief Editor on behalf of M/s.Vaartha News Network Pvt.Ltd., E. Rudran Warrier (Executive Editor), Vol 15, Issue No.193 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: cltbureau@metrovaartha.com

epaper.metrovaartha.com